പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1215 12.07.2016-ലെ മറുപടിക്ക്

## കാസർഗോഡ് ജില്ലയിലെ ബസ്റൂട്ടുകൾ

**ചോദ്യം**

ശ്രീ. കെ. കുഞ്ഞിരാമൻ

**ഉത്തരം**

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട്-കാസർഗോഡ് ചന്ദ്രഗിരി ദേശസാൽകൃത റൂട്ടിൽ പ്രതിവർഷം പത്ത് ശതമാനം സർവ്വീസുകൾ വർദ്ധിപ്പിക്കണമെന്ന തീരുമാനം നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) യും (ബി) യും | കാഞ്ഞങ്ങാട് - കാസർഗോഡ് - ചന്ദ്രഗിരി റൂട്ടിൽ യാത്രക്കാരുടെ വർദ്ധനവിനനുസരിച്ച് പ്രതിവർഷം 10 ശതമാനം വർദ്ധനവിൽ കൂടുതൽ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.<br>1991-ൽ ഈ റൂട്ടിൽ 12 സർവ്വീസുകളാണ് ഓപ്പറേറ്റ് ചെയ്തുകൊണ്ടിരുന്നത്. എന്നാൽ ഇപ്പോൾ കണ്ണൂർ, പയ്യന്നൂർ, കാഞ്ഞങ്ങാട്, കാസർഗോഡ് ഡിപ്പോകളിൽ നിന്നായി 67 സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. |
| (ബി) | 1991ൽ ഈ റൂട്ടിൽ എത്ര സർവ്വീസുകൾ ഉണ്ടായിരുന്നുവെന്നും ഇപ്പോൾ എത്ര സർവ്വീസുകൾ ഉണ്ടെന്നുമുള്ള വിശദാംശങ്ങൾ അറിയിക്കുമോ; | | |
| (സി) | ഈ റൂട്ട് ദേശസാൽകൃത റൂട്ടായി പ്രഖ്യാപിക്കുമ്പോൾ ഉണ്ടാക്കിയ വ്യവസ്ഥ നിലവിൽ പാലിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (സി) | പാലിച്ചിട്ടുണ്ട്. നിലവിൽ ഓടിക്കൊണ്ടിരിക്കുന്ന സ്വകാര്യ ബസുകളുടെ പെർമിറ്റ് ക്യാൻസൽ ചെയ്യാതെ ചന്ദ്രഗിരി റൂട്ടിൽ യാത്രക്കാരുടെ വർദ്ധനവിനനുസരിച്ച് കെ.എസ്.ആർ.ടി.സി കൂടുതൽ സർവ്വീസുകൾ നടത്തുന്നതാണ്. |
| (ഡി) | ബന്തടുക്കയിൽ നിന്ന് സുള്ള്യയിലേക്ക് കർണ്ണാടക സർക്കാർ ഫോറസ്റ്റിലൂടെ റോഡ് നിർമ്മിച്ച് പുതിയ ബസ്സ് സർവ്വീസ് തുടങ്ങിയ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | എങ്കിൽ കെ.എസ്.ആർ.ടി.സി കാഞ്ഞങ്ങാടു നിന്നും കാസർഗോഡ് നിന്നും ബന്തടുക്ക-സുള്ള്യയിലേക്ക് ബസ് സർവ്വീസ് നടത്തുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ നൽകുമോ? | (ഇ) | ബന്തടുക്കയിൽ നിന്നും സുള്ള്യയിലേക്ക് 17 കി.മീറ്റർ ദൂരമാണുള്ളത്. ഈ റൂട്ടിൽ സർവ്വീസ് നടത്തണമെങ്കിൽ അന്തർ സംസ്ഥാന കരാറിന്റെ ഭാഗമായി മാത്രമെ ഷെഡ്യൂൾ ഓപ്പറേറ്റ് ചെയ്യുവാൻ സാധിക്കുകയുള്ളു. അതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ